സമയത്ത് അവരെ ഇത്തരത്തിലുള്ള ഉത്തരവാദിത്തം ഏൽപ്പിക്കാൻ സാധിക്കില്ല. പഠനമില്ലാത്ത ചില പ്രത്യേക സമയങ്ങളിൽ എന്തെങ്കിലും ആവശ്യത്തിനുവേണ്ടി ഉപയോഗിക്കുകയെന്നതാണ് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൊണ്ട് ഉദ്ദേശിക്കുന്നത്. റഡാർപോലുള്ള മറ്റ് സംവിധാനങ്ങൾ സർക്കാർ ഇപ്പോൾതന്നെ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ : സർ, അങ്ങ് ഇവിടെ കൊണ്ടുവന്ന നടപടികളൊക്കെ സ്വാഗതാർഹമാണ്. കൂടുതൽ പേരെ നിയമിക്കുന്നതൊക്കെ സ്വാഗതാർഹമാണ്. ട്രാഫിക് ഒഫൻസ് നടക്കുമ്പോൾ പോലീസുകാർ കയ്യുംകെട്ടി നോക്കിനിൽക്കുകയാണ്. ബസ്സുകളുടെ മൽസരയോട്ടവും ബസ് സ്റ്റാന്റുകളിൽ ബസ്സുകൾ റോഡിന് കുറുകെ നിർത്തുക, വേറൊരു ബസ് ഓവർടേക്ക് ചെയ്ത് പിന്നിൽ ട്രാഫിക് ബ്ലോക്ക് സൃഷ്ടിക്കുക ഇങ്ങനെ നടക്കുമ്പോൾ പോലീസുകാർ ഒന്നും ചെയ്യാതെ നോക്കിനിൽക്കുന്ന അവസ്ഥയുണ്ട്. ഒരുപക്ഷേ അവരെ പിടിച്ചുകഴിഞ്ഞാൽ എന്തെങ്കിലും സംഭവിക്കുമോയെന്നുള്ള പേടികൊണ്ടാണോയെന്ന് എനിക്ക് അറിയില്ല. ഇതിന് മാറ്റം വരുത്താൻ എന്തെങ്കിലും ചെയ്യണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ട്രാഫിക് നിയമം നടപ്പിൽ വരുത്തുന്നതിനുവേണ്ടിയാണ് ട്രാഫിക് പോലീസുകാരെ നിയമിച്ചിട്ടുള്ളത്. അവർ ആരേയും തൊപ്പൊടേണ്ടതായിട്ടില്ല. നിയമത്തിന് വിധേയമായി മാത്രമാണ് അവർ പ്രവർത്തിക്കേണ്ടത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെയുള്ള പ്രശ്നങ്ങളുണ്ടെങ്കിൽ ഡിപ്പാർട്ടുമെന്റ് അത് പ്രത്യേകം പരിശോധിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം

4(*34) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഗ്രാമപഞ്ചായത്തുകളിലെ ജോലിഭാരം ലഘൂകരിക്കുന്നതിനും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുമായി ഈ സർക്കാർ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള എഞ്ചിനീയറിംഗ്

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗം രൂപീകരിച്ചതിനുശേഷം വകുപ്പിന് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതിപ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി):

(എ) 1. ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടെയും കാര്യപ്രാപ്തി വികസനത്തിന് പരിശീലനം നൽകി.

2. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് മാത്രമായി പുതിയ എഞ്ചിനീയറിംഗ് കേഡർ രൂപീകരിച്ചു.

3. എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും അക്കൗണ്ടന്റുമാരെ ലഭ്യമാക്കി.

4. ഗ്രാമപഞ്ചായത്തുകളിൽനിന്നും പൊതുജനങ്ങൾക്ക് നൽകേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനും ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പാക്കി.

5. പദ്ധതി ആസൂത്രണം, പരിശോധന, അംഗീകാരം എന്നീ നടപടികൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചു. 2011 ഏപ്രിൽ 1 മുതൽ ത്രിതല പഞ്ചായത്തുകളിൽ കമ്പ്യൂട്ടർവൽക്കൃത അക്കൗണ്ടിംഗ് രീതി നടപ്പിൽ വരുന്നതാണ്.

6. അഴിമതി ഒഴിവാക്കുന്നതിനായി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന സോഷ്യൽ ആഡിറ്റ് കൗൺസിലും മഹാത്മാഗാന്ധി ദേശീയതൊഴിലുറപ്പ് പദ്ധതിയുടെ ഓംബുഡ്സ്മാന്റെ അദ്ധ്യക്ഷതയിൽ ജില്ലാസോഷ്യൽ ആഡിറ്റ് സെല്ലും കൂടാതെ ഗ്രാമതലസോഷ്യൽ ഓഡിറ്റ് ടീമും രൂപീകരിച്ചിട്ടുണ്ട്. സോഷ്യൽ ആഡിറ്റ് സെല്ലിന്റെ ഡയറക്ടറായി സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെപറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്:

1. ഹെഡ് ക്ലാർക്ക്-21 എണ്ണം
2. അക്കൗണ്ടന്റ് തസ്തിക -339
3. യു.ഡി. ക്ലാർക്ക് തസ്തിക

   അക്കൗണ്ടന്റ് തസ്തികയായി ഉയർത്തിയത് -642
4. ഹെഡ് ക്ലാർക്ക് തസ്തിക അക്കൗണ്ടന്റ് തസ്തികയായി

   മാറ്റിയത് -18
5. എൽ.ഡി. ക്ലാർക്ക്-152
6. ടൈപ്പിസ്റ്റ് -13

LIBRARY ARCHIVES Kerala Legislative Assembly

7. സി.എ.-1

8. പ്യൂൺ-49

9. മെക്കാനിക്ക്-1

10. പാർട്ട് ടൈം കണ്ടിജന്റ്-617

ഇതിനുപുറമേ 190 ജൂനിയർ ബിൽകളക്ടർ തസ്തികയ്ക്ക് പകരമായി 190 എൽ.ഡി. ക്ലാർക്ക് തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്.

(സി) 1. പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവും കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ നടപ്പിലാക്കലും എഞ്ചിനീയറിംഗ് വിഭാഗത്തെ ഏൽപ്പിച്ചതുമൂലം അവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുവാനും കെട്ടിടനിർമ്മാണ ചട്ടങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും സാധിക്കുന്നുണ്ട്.

2. ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയുടെ പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്ന ജീവനക്കാർക്ക് ആവശ്യമായ ഉപദേശനിർദ്ദേശങ്ങൾ ചീഫ് എഞ്ചിനീയർ തലവനായിട്ടുള്ള ഉന്നത ഉദ്യോഗസ്ഥതലത്തിൽനിന്നും നൽകുന്നതിനുള്ള സാഹചര്യം ഉണ്ടായിട്ടുണ്ട്.

3. പഞ്ചായത്ത് സെക്രട്ടറിമാരുടെ ജോലിഭാരം ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

4. പഞ്ചായത്ത് സർക്കാരിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(ഡി) പദ്ധതികൾ തയ്യാറാക്കുന്നതിന് മാർഗ്ഗരേഖയും സബ്സിഡി അനുവദിക്കുന്നതിന് മാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടുണ്ട്. ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകളുടെ പരിശോധനയെ തുടർന്ന് ജില്ലാ ആസൂത്രണ സമിതികളാണ് പദ്ധതിക്ക് അംഗീകാരം നൽകുന്നത്. നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന പ്രവൃത്തികൾ നടപ്പാക്കുന്നു. പദ്ധതി പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് കൂടുതൽ നിർവ്വഹണ ഉദ്യോഗസ്ഥരെ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ചട്ടങ്ങൾക്കും സർക്കാർ നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും വിധേയമായാണ് പ്രവൃത്തികൾ നടപ്പാക്കേണ്ടത്. പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി ജില്ലാ ആസൂത്രണ സമിതികൾ മാസംതോറും അവലോകനം ചെയ്യാറുണ്ട്. ക്രമാനുഗതമായ പദ്ധതി ചെലവ് പുരോഗതി കൈവരിച്ച് പ്ലാൻ ഫണ്ട് വിനിയോഗം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സാമ്പത്തികവർഷത്തിലെ ഓരോ പാദാന്ത്യത്തിലും കൈവരിക്കേണ്ട ചെലവിന്റെ ടാർജറ്റ് നിശ്ചയിച്ചു നൽകുകയും അതിനനുസരണമായി നിർവ്വഹണ പ്രവർത്തനങ്ങൾ ക്രമീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly